ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:02.10.2025**

## പ്രധാനവാർത്തകൾ

1. **രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രം; ന്യൂഡൽഹിയിൽ നടന്ന സർവധർമ്മ പ്രാർത്ഥനസഭയിൽ പങ്കെടുത്ത് ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും.**
2. **നവകേരളത്തിലേക്കുള്ള മുന്നേറ്റങ്ങളിൽ ഒരാളും പിന്തള്ളപ്പെടാതിരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ**
3. **കേരളം വിദ്യാഭ്യാസ -ആരോഗ്യ രംഗത്തെ ഹബ്ബായി മാറുകയാണെന്ന് മന്ത്രി കെ. എൻ ബാലഗോപാൽ.**
4. **വിജയ ദശമി ദിനത്തിൽ ക്ഷേത്രങ്ങളിലും സാംസ്കാരിക കേന്ദ്രങ്ങളിലും നടന്ന വിദ്യാരംഭത്തിൽ, അറിവിന്റെ ആദ്യാക്ഷരം നുകർന്ന് ആയിരക്കണക്കിന് കുരുന്നുകൾ.**
5. **സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസൺ മത്സരങ്ങൾ ഇന്ന് മുതൽ കോഴിക്കോട്**
6. **ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ ആദ്യ ഇന്നിംഗ്സിൽ ഇന്ത്യയ്ക്ക് മികച്ച തുടക്കം**

RNU TVPM

**ഗാന്ധിജയന്തി**

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 156-ാം ജന്മവാർഷികത്തിൽ, ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള ഉൾപ്പെടെയുള്ള പ്രമുഖർ, രാജ്ഘട്ടിൽ പുഷ്പാർച്ചന നടത്തി. ന്യൂഡൽഹിയിലെ ഗാന്ധി സ്മൃതിയിൽ അല്പം മുൻപ് നടന്ന സർവ്വ ധർമ്മ പ്രാർത്ഥനസഭയിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. ഭജൻ മാന്ത്രികൻ അനുപ് ജലോട്ട, നിരവധി സ്കൂൾ കുട്ടികൾ എന്നിവർ ചടങ്ങിൽ ഭജനകൾ ആലപിച്ചു. ഗാന്ധിജയന്തി ദിനം അന്താരാഷ്ട്രതലത്തിൽ അഹിംസാ ദിനമായും ആചരിച്ചുവരുന്നു.

RNU TVPM

**മോഹൻ ഭാഗവത്**

രാഷ്ട്ര സമർപ്പിത സേവനത്തിൻറെ 100 വർഷം പൂർത്തിയാക്കിയ ആർ എസ് എസിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. രാഷ്ട്രനിർമ്മാണത്തിൽ ആർഎസ്എസിൻറെ നിർണായക പങ്കും ഇന്ത്യയുടെ

നാഗരിക മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള അചഞ്ചല പ്രതിബദ്ധതയും അദ്ദേഹം എടുത്തു പറഞ്ഞു .

**മുഖ്യമന്ത്രി ( ഇൻട്രോ )**

വിജ്ഞാനാധിഷ്ഠിത നവകേരളത്തിലേക്കുള്ള മുന്നേറ്റങ്ങളിൽ ഒരാളും പിന്തള്ളപ്പെടരുതെന്നാണ് സർക്കാരിന്റെ ആഗ്രഹമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ . സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കാസർഗോഡ് നിർവ്വഹിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുക എന്നതാണ് സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ പ്രധാന ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

( ഹോൾഡ് വോയിസ് )

RNUTVPM

**കെ. എൻ ബാലഗോപാൽ**

കേരളം വിദ്യാഭ്യാസ -ആരോഗ്യ രംഗത്തെ ഹബ്ബായി മാറുകയാണെന്ന് മന്ത്രി കെ. എൻ ബാലഗോപാൽ. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ അഞ്ചാമത് സ്ഥാപക ദിനാഘോഷം കൊല്ലം കുരീപ്പുഴയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ലോകത്തെവിടെയിരുന്നും, ഏത് പ്രായക്കാർക്കും

പഠിക്കാൻ അവസരം ഒരുക്കുന്നതിലൂടെ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രാജ്യത്തെ തന്നെ മാതൃകാ സർവകലാശാലയായി മാറിയതായും ശ്രീ കെ. എൻ ബാലഗോപാൽ അഭിപ്രായപ്പെട്ടു .

**ഫിറ്റ് ഇന്ത്യ-ഗവര്ണർ**

ഗാന്ധി ജയന്തി ആഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് സായ് എൽ എൻ സി പി ഇയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഫിറ്റ് ഇന്ത്യാ ഫ്രീഡം റൺ 6.0 ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കാർ ഫ്ളാഗ് ഓഫ് ചെയ്തു. കവടിയാർ സ്ക്വയറിൽ നിന്നാരംഭിച്ച റൺ സെൻട്രൽ സ്റ്റേഡിയത്തിൽ സമാപിച്ചു. വിദ്യാർത്ഥികൾ, കായിക താരങ്ങൾ, പരിശീലകർ, ഉദ്യോഗസ്ഥർ, വിവിധ സംഘടനകളിലെ അംഗങ്ങൾ ഉൾപെടെ 700 ൽ അധികം പേർ പങ്കാളികളായി.

RNU TVPM

**ദസറ/ വിജയദശമി**

നവരാത്രിയുടെയും ദുർഗ്ഗാ പൂജയുടെയും പരിസമാപ്തി കുറിച്ച് രാജ്യം ഇന്ന് വിജയദശമി ആഘോഷിക്കുന്നു.

ന്യൂഡൽഹി മാധവ് ദാസ് പാർക്കിൽ അല്പം മുൻപ് നടന്ന ദസറ ആഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുത്തു.

**വിജയദശമി**

സംസ്ഥാനത്ത് നടന്ന വിദ്യാരംഭ ചടങ്ങുകളിൽ ആയിരക്കണക്കിന് കുരുന്നുകൾ ആദ്യക്ഷരം കുറിച്ചു. തിരുവനന്തപുരത്ത് പൂജപ്പുര നവരാത്രിമണ്ഡപം, ആറ്റുകാൽ ക്ഷേത്രം,ശ്രീപദ്മനാഭസ്വാമി ക്ഷേത്രം , മലപ്പുറത്ത് തുഞ്ചൻ പറമ്പ് , വള്ളത്തോൾ സ്മാരക കേന്ദ്രം, കോട്ടയം പനച്ചിക്കാട് സരസ്വതി ക്ഷേത്രം, കണ്ണൂർ പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രം തുടങ്ങി നിരവധി ക്ഷേത്രങ്ങളിലും സാംസ്കാരിക കേന്ദ്രങ്ങളിലും നടന്ന ചടങ്ങുകളിൽ സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ അറിവിന്റെ ആദ്യക്ഷരം പകർന്നു നൽകി.

ദസറാ ആഘോഷങ്ങളുടെ ഭാഗമായി ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ്റെ ആഭിമുഖ്യത്തിൽ കവരത്തി ആസ്ഥാനത്ത് വിവിധ ആധുനിക സൈനിക ഉപകരണങ്ങളുടെ പൂജ നടന്നു .കവരത്തി ശ്രി മഹാദേവ ക്ഷേത്രത്തിൽ പ്രത്യേക പ്രാത്ഥനാ ചടങ്ങുകളും നടന്നു.

**വിദ്യാരംഭം-മൂകാംബിക**

ദക്ഷിണ കർണ്ണാടകയിലെ പ്രസിദ്ധമായ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ പുലർച്ചെ മൂന്ന് മണി മുതൽ വിദ്യാരംഭ ചടങ്ങുകൾ ആരംഭിച്ചു . കേരളത്തിൽ നിന്ന് നിരവധി പേരാണ് വിദ്യാരംഭ ചടങ്ങുകളിൽ പങ്കെടുത്തത് .

RNU TVPM

## സ്വച്ഛ്താ ഹി സേവ

സ്വച്ഛ്താ ഹി സേവ കാമ്പയിൻ്റെ ഭാഗമായി, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മാഹി, ലക്ഷദ്വീപ് തീരപ്രദേശങ്ങളിലും മൈ ഭാരത് വളണ്ടിയർമാർ ശുചീകരണ പ്രവർത്തനങ്ങളും ബോധവത്കരണ പരിപാടികളും നടത്തി. തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ നടന്ന ശുചീകരണ യജ്ഞം , മേരാ യുവ ഭാരത് സ്റ്റേറ്റ് ഡയറക്ടർ അനിൽ കുമാർ എം ഉദ്ഘാടനം ചെയ്തു. വിവിധ യുവ ജന സന്നദ്ധ സംഘടനകളിലെയും കോളേജുകളിലെയും യുവതി യുവാക്കൾ പങ്കെടുത്തു.

RNU TVPM

## സേവാ പർവ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, "നക്സൽ മുക്ത ഇന്ത്യ" എന്ന ലക്ഷ്യം നേടുന്നതിനായി കഴിഞ്ഞ 11 വർഷമായി നടത്തിവരുന്ന പ്രവർത്തനങ്ങളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവപർവ്വിൽ ഇന്ന്.

*(മ്യൂസിക്)*

*(വോയിസ്)*

## സേവാ പർവ് (വോയിസ്)

ഇടതു തീവ്രവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്. സർക്കാർ പദ്ധതികൾ 100 ശതമാനം നടപ്പിലാക്കുന്നതിലൂടെ, നക്സൽ ബാധിത പ്രദേശങ്ങളുടെ പൂർണ്ണ വികസനത്തിനുള്ള

നടപടികൾ ഊർജിതമാക്കിയിട്ടുണ്ട്. ആ പ്രദേശങ്ങൾ ഇപ്പോൾ ഹരിത വികസനത്തിന്റെ ഇടനാഴികളായി മാറിയതായി സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

*( P M ഹോൾഡ് വോയിസ് )*

വിവിധ നടപടികളിലൂടെ കഴിഞ്ഞ 11 വർഷ കാലയളവിൽ നക്സൽ അക്രമ സംഭവങ്ങൾ 53 ശതമാനം കുറയ്ക്കാനായി. അടുത്ത വർഷം മാർച്ച് 31 ഓടെ രാജ്യത്തു നിന്ന് നക്സലിസം പൂർണ്ണമായും ഇല്ലാതാക്കുവാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

PNU TVPM

**ജി.എസ്.ടി. ഇളവുകൾ**

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ജി.എസ്.ടി. ഇളവുകൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനകരമാവുകയാണ്. സ്പ്രിംഗ്ളറുകൾ, ഡ്രിപ്പ് ഇറിഗേഷൻ സംവിധാനങ്ങൾ, വിളവെടുപ്പ് യന്ത്രങ്ങൾ, തുടങ്ങിയ കാർഷിക ഉപകരണങ്ങളുടെ നികുതി നിരക്ക്

5 ശതമാനമായി കുറച്ചതിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിക്കും. ജൈവ കീടനാശിനികളുടെയും വളങ്ങളുടെയും നികുതി നിരക്ക് 5 ശതമാനമായി കുറച്ചതും കർഷകർക്ക് സഹായകമാകും.

**ആറന്മുള വള്ളസദ്യ (INTRO)**

പ്രസിദ്ധമായ ആറന്മുള വള്ളസദ്യക്കാലത്തിനു ഇന്ന് സമാപനമായി. ജൂലൈ 11ന് ആരംഭിച്ചപ്പോൾ മുതൽ ഇതുവരെ 524 വഴിപാടു സദ്യയാണു നടന്നത്. തിരുവിതാംകൂർദേവസ്വം ബോർഡിന്റെയും ഭക്തരുടെയും സഹകരണത്തോടെ ആറന്മുള പള്ളിയോട സേവാസംഘമാണ് വള്ളസദ്യയ്ക്ക് നേതൃത്വം നൽകുന്നത്.

*വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ (വോയിസ്)*

❋❋❋❋❋❋❋❋❋❋❋❋❋

**സൂപ്പർ ലീഗ് കേരള ഫുട്ബോൾ**

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാം സീസണ് കോഴിക്കോട് ഇഎംഎസ് സ്റ്റേഡിയത്തിൽ തുടക്കം. ഉദ്ഘാടന ചടങ്ങുകൾക്ക് തുടക്കമായി. ഇന്ന് എട്ടിന് നടക്കുന്ന ആദ്യ മത്സരത്തിൽ കാലിക്കറ്റ് എഫ്.സി, ഫോഴ്സ കൊച്ചിയെ നേരിടും.

രണ്ടു മാസത്തിലധികം നീണ്ടുനിൽക്കുന്ന ലീഗിൽ ഫൈനലടക്കം 33 മത്സരങ്ങളാണുള്ളത്.

❋❋❋❋❋❋❋❋❋❋❋❋❋

**ക്രിക്കറ്റ്**

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് മികച്ച തുടക്കം. ഒന്നാം ദിനം കളി അവസാനിക്കുമ്പോൾ ഇന്ത്യ ആദ്യ ഇന്നിങ്സിൽ 2 വിക്കറ്റ്

RNU TVPM

നഷ്ടത്തിൽ 121 റൺസ് എന്ന നിലയിലാണ് . അഹമ്മദാബാദിൽ ഇന്ന് രാവിലെ ആരംഭിച്ച മൽസരത്തിൽ ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത വെസ്റ്റ് ഇൻഡീസ് ആദ്യ ഇന്നിഗ്സിൽ 162 റൺസിന് പുറത്താവുകയായിരുന്നു . പരമ്പരയിലെ രണ്ടാമത്തെ ടെസ്റ്റ് മത്സരം ഈ മാസം 10 മുതൽ ഡൽഹിയിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ചാമ്പ്യൻസ് ബോട്ട് ലീഗ്**

വിനോദസഞ്ചാരമേഖലയെ കൂടുതൽ ശക്തിപ്പെടുത്താനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന വിനോദസഞ്ചാര വകുപ്പ് കണ്ണൂർ മുഴപ്പിലങ്ങാട് സംഘടിപ്പിച്ച ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ചാമ്പ്യൻഷിപ്പിൽ അഴീക്കോടൻ അച്ചാംതുരുത്തി ജേതാക്കളായി.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**അമിത്ഷാ-മുഖ്യമന്ത്രി**

ന്യൂഡൽഹിയിൽ മലയാളി വിദ്യാർഥികൾക്ക് പോലീസ് മർദ്ദനമേറ്റ സംഭവത്തിൽ ഉന്നതതല അന്വേഷണം ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായ്ക്ക് കത്തയച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ന്യൂഡൽഹിയിലെ സാക്കിർ ഹുസൈൻ ഡൽഹി

കോളേജിൽ പഠിക്കുന്ന കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കാണ് പോലീസ് മർദ്ദനമേറ്റത്.

❁❁❁❁❁❁❁❁❁❁❁❁❁

**മലയാളം വാനോളം ലാൽസലാം**

ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം നേടിയ ചലച്ചിത്രതാരം മോഹൻലാലിനെ ആദരിക്കുന്ന ' മലയാളം വാനോളം ലാൽസലാം' പരിപാടി മറ്റന്നാൾ. വൈകിട്ട് അഞ്ചിന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ, സംസ്ഥാന സർക്കാരിന് വേണ്ടി ശ്രീ മോഹൻലാലിനെ ആദരിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ട്രെയിനിൽ- സീറ്റുകൾ ഒഴിവ്**

മംഗളൂരു സെൻട്രലിൽ നിന്ന് നാളെ യാത്ര പുറപ്പെടുന്ന മംഗളൂരു സെൻട്രൽ - തിരുവനന്തപുരം സ്പെഷ്യൽ എക്സ്പ്രസ് ട്രെയിനിൽ സ്ലീപ്പർ കോച്ചുകളിൽ 291 സീറ്റുകൾ ഒഴിവുണ്ടെന്ന് ദക്ഷിണ റെയിൽവേ . പൂജാ അവധിക്കാലത്തെ യാത്രാദുരിതം ലഘൂകരിക്കുന്നതിന് ഈ അവസരം ഉപയോഗപ്പെടുത്താം.

❁❁❁❁❁❁❁❁❁❁❁❁❁

**സ്വർണ്ണ വില**

സ്വർണ്ണ വില കുറഞ്ഞു. പവന് 400 രൂപ താഴ്ന്ന് 87,040 രൂപയും ഗ്രാമിന് 50 രൂപ കുറഞ്ഞ് 10,880 രൂപയുമാണ് ഇന്നത്തെ വില .

RNU TVPM